സ്വാമി ശരണം

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം 4/1/2016.

ആർ.ഒ.സി. 18535/15/എസ്റ്റാ. ബി

## സർക്കുലർ

വിഷയം:-ദേവസ്വം ബോർഡിൽ നിന്നും വിരമിച്ച സ്ട്രോംഗ് റൂം ഗാർഡുകളെ താൽക്കാലികാടിസ്ഥാനത്തിൽ നിയമനത്തിലേയ്ക്കായി പരിഗണിക്കുന്ന സംഗതി സംബന്ധിച്ച്.

സൂചന :-ദേവസ്വം ബോർഡ് ആഫീസിലെ 24-11-2015-ലെ ആർ.ഒ.സി. 3850/15/എസ്റ്റാ.2. നമ്പർ ഉത്തരവ്.

ദേവസ്വം ബോർഡിൽ നിന്നും വിരമിച്ച സ്ട്രോംഗ് റൂം ഗാർഡുകളായ ശ്രീ.കെ.ജി. രാജു, ശ്രീ.കെ.സുകുമാരൻ, ശ്രീ. റ്റി.ജി. രാമകൃഷ്ണപിള്ള, ശ്രീ.ജി.രാമചന്ദ്രപിള്ള തുടങ്ങിയവർ ദേവസ്വം ബോർഡിൽ നിന്നും വിരമിച്ച സ്ട്രോംഗ് റൂം ഗാർഡുകളെ ദേവസ്വം ബോർഡിൽ സെക്യൂരിറ്റി ഗാർഡുകളായി താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിലേയ്ക്കായി പരിഗണിക്കണമെന്ന് കാണിച്ച് അപേക്ഷ സമർപ്പിക്കുകയും തുടർന്ന് ടിയാന്മാർ കേസ്സ് ഫയൽ ചെയ്യുകയും ചെയ്തിട്ടുള്ളതുമാകുന്നു.

ശബരിമലയിൽ താൽക്കാലിക നിയമനത്തിനായി ഓരോ തവണയും പരമാവധി പുതിയ ആൾക്കാരെ പരിഗണിച്ച് വരുന്ന സാഹചര്യത്തിൽ നിരവധി തവണ ശബരിമലയിൽ ജോലി നോക്കിയിട്ടുള്ള സ്ട്രോംങ് റൂം ഗാർഡുകളെ വീണ്ടും ശബരിമലയിൽ താൽക്കാലിക നിയമനത്തിന് പരിഗണിക്കുന്നത് ഉചിതമല്ലാത്തതാണെന്നും, ദേവസ്വം ബോർഡിൽ നിന്നും വിരമിച്ച സ്ട്രോംങ് റൂം ഗാർഡുകളെ ഉത്സവാദി അടിയന്തിരങ്ങളോട നുബന്ധിച്ചോ അല്ലാതെയോ ക്ഷേത്രങ്ങളിലോ ദേവസ്വം ബോർഡിന്റെ ആഫീസുകളിലോ ഗാർഡുകളുടെ സേവനം ആവശ്യമാണെന്ന് കാണുന്ന പക്ഷം താൽക്കാലിക ഗാർഡുകളായി നിയോഗിക്കുന്നതിന് അനുവദിച്ച് സൂചന നമ്പരായി ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളതാകുന്നു.

മേൽ സാഹചര്യങ്ങളിൽ ശബരിമല ദേവസ്വം ഒഴികെ ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളിലോ, ആഫീസുകളിലോ ഉത്സവാദി അടിയന്തിരങ്ങളോടനുബന്ധിച്ചോ അല്ലാതെയോ ഗാർഡുകളുടെ സേവനം ആവശ്യമാണെന്ന് കാണുന്ന പക്ഷം മുൻകൂർ അനുമതി വാങ്ങിയ ശേഷം ദേവസ്വം ബോർഡിൽ നിന്നും വിരമിച്ച സ്ട്രോംങ് റൂം ഗാർഡുകളെ താൽക്കാലിക ഗാർഡുകളായി നിയോഗിക്കുന്നതിന് അനുവദിച്ച് ഉത്തരവാകുന്നു.

ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ്. (കവറിംഗ് ലറ്റർ സഹിതം)
2. ചീഫ് വിജിലൻസ് & സെക്യൂരിറ്റി ആഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്
3. ചീഫ് എൻജിനിയർ (ജനറൽ)
4. സൂപ്രണ്ട് ഓഫ് പോലീസ് ( വിജിലൻസ് & സെക്യൂരിറ്റി)
5. ലാ ആഫീസർ
6. ലെയ്സൺ ആഫീസർ
7. ചീഫ് എൻജിനിയർ
8. ഫൈനാൻസ് & അക്കൗണ്ട്സ് ആഫീസർ

9. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
10. ഡയറക്ടർ, കൾച്ചറൽ അഫയേഴ്സ്.
11. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, തിരുവനന്തപുരം, പത്തനംതിട്ട, ഹരിപ്പാട്, വൈക്കം.
12. എക്സിക്യൂട്ടീവ് ആഫീസർ, ശബരിമല.
13. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, നെയ്യാറ്റിൻകര, തിരുവനന്തപുരം, ഉള്ളൂർ, വർക്കല, കൊല്ലം, പുനലൂർ, കൊട്ടാരക്കര, തിരുവല്ല, മുണ്ടക്കയം, ആറന്മുള, അമ്പലപ്പുഴ, കരുനാഗപ്പള്ളി, ചങ്ങനാശ്ശേരി, മാവേലിക്കര, ഹരിപ്പാട്, കോട്ടയം, ഏറ്റുമാനൂർ, വൈക്കം, പറവൂർ, തൃക്കാരിയൂർ.
14. സെക്ഷൻഫയൽ.
15. ഫെയർ ആഫീസ് കോപ്പി.
16. EDP Section.

ശ.